മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 28

# വാർത്താക്കുറിപ്പ് 2

---

## ഇന്റർ കൊളീജിയറ്റ് ക്വിസ് മത്സരം; ഇഗ്നോയ്ക്ക് കിരീടം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്‌കൂൾ ഓഫ് ഇക്കണോമിക്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഖിലകേരള ഇന്റർ കൊളീജിയറ്റ് ക്വിസ് മത്സരം ഇകോൺസ്പയറിൽ ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കൊച്ചി കേന്ദ്രത്തിന് കിരീടം.

തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിനും ചങ്ങനാശേരി എസ്.ബി കോളജിനുമാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ.

കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 42 കോളജുകളിൽനിന്നായി 54 ടീമുകൾ പങ്കെടുത്ത മത്സരം സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കെ.എൻ. രാജ് സ്‌കൂൾ ഓഫ് ഇക്കണോമിക്സ് ഡയറക്ടർ പ്രഫ. ജോണി ജോൺസണും സന്നിഹിതനായിരുന്നു. അലക്സ് അലോഷ്യസായിരുന്നു ക്വിസ് മാസ്റ്റർ.

പ്രാഥമിക റൗണ്ട് മത്സരത്തിൽനിന്ന് ആറു ടീമുകളാണ് ഫൈനലിലേക്ക് യോഗ്യത നേടിയത്. ഒന്നു മുതൽ മൂന്നു വരെ സ്ഥാനക്കാർക്ക് യഥാക്രമം 10000 രൂപ, 5000 രൂപ, 3000 രൂപ എന്നിങ്ങനെ സമ്മാനത്തുക ലഭിച്ചു. പ്രോ വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദകുമാർ സമ്മാനദാനം നിർവഹിച്ചു. അമലു ബെന്നി, വൈഷ്ണവ്, ജറീന എന്നിവര് മത്സരത്തിന്റെ ഏകോപനം നിർവഹിച്ചു.

(പി.ആർ.ഒ./39/1674/2022)

ഫോട്ടോ ക്യാപ്ഷൻ....
1
മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്‌കൂള് ഓഫ് ഇക്കണോമിക്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഖിലകേരള ഇന്റർ കൊളീജിയറ്റ് ക്വിസ് മത്സരം വൈസ് ചാന്സലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്‌കൂൾ ഓഫ് ഇക്കണോമിക്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഖിലകേരള ഇന്റർ കൊളീജിയറ്റ് ക്വിസ് മത്സരത്തിലെ വിജയികൾ പ്രോ വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദകുമാറിനൊപ്പം.

**പബ്ലിക് റിലേഷൻസ് ഓഫീസർ**